(സി) അവർ അന്നുമുതൽ ഇന്നുവരെ ഡെപ്പോസിറ്റ്സംഖ്യകൾ മടക്കികിട്ടാൻ ആവശ്യപ്പെട്ടിട്ടും കൊടുക്കാത്തതു് എന്തുകൊണ്ടാണെന്നു പറയുമോ ?

റാവുസാഹിബു് എം. എം. പോൾ :

(എ) ഉവ്വു്.

(ബി) ഫ്ലവ കക്കടകത്തിനു മുമ്പുതന്നെ അവർ ഉദ്യോഗം വിട്ടിട്ടുണ്ടു്.

(സി) അവരുടെ പേരിൽ ചുമതലകൾ ഉള്ളതുകൊണ്ടു ഡെപ്പോസിറ്റ്സംഖ്യ മടക്കികൊടുത്തിട്ടില്ല.

DEPRESSED CLASSES—ASSIGNMENT OF PORAMBOKE LANDS

544. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ഫ ഫ ൦ ൭ മുതൽ ഇതുവരെ റവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നും നേരിട്ടു എത്ര അധഃകൃതർക്കു പട്ടയത്തിന്മേൽ (ലൈസൻസിന്മേലല്ല) പുറമ്പോക്കുസ്ഥലങ്ങൾ പതിച്ചുകൊടുത്തിട്ടുണ്ടു് ;

(ബി) അതെ എത്ര ഏക്കർ സ്ഥലം ഇങ്ങിനെ കൊടുത്തിട്ടുണ്ടു് ;

(സി) ഫ ഫ ൦ ൭ മുതൽ ഇതുവരെ അധഃകൃതരല്ലാത്ത എത്രപേർക്കു പുറമ്പോക്കുസ്ഥലങ്ങൾ പട്ടയത്തിന്മേൽ പതിച്ചുകൊടുത്തിട്ടുണ്ടു് ;

(ഡി) ഇങ്ങിനെ പതിച്ചുകൊടുത്തിട്ടുള്ളതു് എത്ര ഏക്കർ സ്ഥലമാണു് ?

റാവുസാഹിബു് എ. മാധവപ്രഭു :

(എ) ഫ ൦ ൭ പേർക്കു്.

(ബി) നൂൻ ഏക്രു് നൂന്നു സെൻറ്.

(സി) ഫ വ്വന്നു പേർക്കു്.

(ഡി) നൂൻ ൽ ഏക്രു് ൾനൂ സെൻറ്.

KOLE CULTIVATORS—SUBSIDY FOR

545. മിസ്റ്റർ കെ എസ്സു്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) കോൾകൃഷിക്കാർക്കു് ഏക്കർ ഒന്നിനു ൾക. പ്രകാരം ഫ്ലഡ് ഡ്യൂട്ടി (Subsidy) സബ്സിഡി കൊടുക്കുവാൻ ഗവൺമെണ്ടു തീരുമാനിച്ചിട്ടില്ലേ ;

(ബി) അതിൽ ആകെക്കിലും ഇതുവരെ സബ്സിഡി കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതൊക്കെ കൊടുത്തു ;

(സി) ആകെ എത്ര ഏക്കർ നിലത്തിനു സബ്സിഡി കൊടുത്തു ;

(ഡി) അതും കൊടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തു് ?

റാവുസാഹിബു് എ. മാധവപ്രഭു : (എ) ഉണ്ടു്. തൃശ്ശിവപേരൂർ താലൂക്കിലെ കോൾകൃഷിക്കാർക്കു മാത്രം.

(ബി) അതും ഇതുവരെ കൊടുത്തിട്ടില്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) എല്ലാവരുടേയും പേരുവിവരവും ഓരോരുത്തർക്കും കൊടുക്കേണ്ടതായ തുകയും തിട്ടപ്പെടുത്തുവാനുള്ള വിവരങ്ങൾ മുഴുവനുമായിട്ടില്ല.

KOLE CULTIVATION—SUBSIDY FOR—IN YEARS 1119 AND 1120

546. Mr. V. R. Krishnan Ezhuthassan *(Oorakam)* : Will Government be pleased to state. —

(*a*) have Government sanctioned any subsidy for Kole cultivation in the years 1119 and 1120;

(*b*) if so what is the amount sanctioned and the amount distributed;

(*c*) what is the date on which (1) the subsidy was sactioned and (2) the same was distributed ?

Rao Sahib A. Madhava Prabhu *(Diwan Peishkar)* :

(*a*) Yes, only in 1120.

LIBRARY ARCHIVES Kerala Legislative Assembly